## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1784** **04.10.2016 ൽ മറുപടിയ്ക്ക്**

### ആലപ്പുഴ ജില്ലയിലെ ഡി.റ്റി.പി.സി.യുടെ കീഴിലുള്ള സ്ഥാപനങ്ങൾ

**ചോദ്യം** **ഉത്തരം**

ശ്രീ.എ.എം. ആരിഫ് : **ശ്രീ.എ.സി.മൊയ്തീൻ**
**[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി]**

| ചോദ്യം | ഉത്തരം |
|---|---|
| [എ] ആലപ്പുഴ ജില്ലയിലെ ഡി.റ്റി.പി. സി.യുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | [എ] ആലപ്പുഴ ഡിറ്റിപിസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. അവയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br>1. **അമിനിറ്റി സെന്റർ** - അന്ധകാരനഴി അമിനിറ്റി സെന്റർ ഒഴികെ മറ്റുള്ളതെല്ലാം ടൂറിസം ഫെസിലിറ്റേഷൻ സെന്റേഴ്സായി നടത്തിവരുന്നതിന് സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. ചേർത്തലയിലും ഹരിപ്പാടും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളാണുള്ളത്.<br>2. **ടോയ്ലറ്റ് ബ്ലോക്ക്** - ചക്കുളത്തെ ടോയ്ലറ്റ് ബ്ലോക്ക് ചക്കുളത്ത് കാവ് ട്രസ്റ്റിനും ആലപ്പുഴ ബീച്ചിലെ ടോയ്ലറ്റ് ബ്ലോക്കുകൾ സ്വകാര്യ വ്യക്തികൾക്കും ലീസിന് നൽകിയിട്ടുള്ളതാണ്.<br>3. **ഷോപ്പ്സ്** - **അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന** ഷോപ്പുകളെല്ലാം സ്വകാര്യ വ്യക്തികൾക്ക് കോമേഴ്സ്യൽ പർപ്പസിനായി ലീസിന് നൽകിയിട്ടുള്ളതാണ്.<br>4. **പാർക്ക്** - ഡിറ്റിപിസിയുടെ വിജയ്പാർക് ഭാഗികമായി സ്വകാര്യവ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. ആലപ്പുഴ ബീച്ചിലെ സീവ്യൂ പാർക്ക് (ബോട്ടിംഗ് സെന്റർ) ചെങ്ങന്നൂർ പാനാട് പാർക്

എന്നിവ സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. അർത്തുങ്കൽ പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) എവിടെയെല്ലാമാണ് പൂർണ്ണമായും ഭാഗികമായും പ്രവർത്തിക്കാത്ത അത്തരം സ്ഥാപനങ്ങൾ ഉള്ളതെന്നും അതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) അന്ധകാരനാഴി അമിനിറ്റി സെന്റർ. ഈ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പള്ളാത്തുരുത്തിയിലെ "മോട്ടൽ ആരാം" ഏറ്റെടുത്ത് നടത്തുന്നത് ആരാണെന്നും എന്നുവരെയാണ് ഇതിന്റെ കരാർ കാലാവധിയെന്നും കരാറിന്റെ വിശദാംശവും വെളിപ്പെടുത്തുമോ ?

(സി) പള്ളാത്തുരുത്തിയിലെ മോട്ടൽ ആരാം. ഡി.റ്റി.പി.സി ഇപ്പോൾ ആലപ്പുഴ ലേക്ക് & ലഗൂൺസ് ടൂറിസം പ്രൈവറ്റ്. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലീസിന് നൽകുകയും. ആദ്യ വർഷം 3,81,000/- രൂപ ലീസ് തുക നിശ്ചയിക്കുകയും തുടർ വർഷങ്ങളിൽ 10% വീതം വർദ്ധനവ് ഉണ്ടാകുന്ന രീതിയിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. 2020 വരെയാണ് ലീസ് കാലാവധി.

സെക്ഷൻ ഓഫീസർ

അനുബന്ധം

**Amenity Centres**

1. Puthanangadi
2. Amenity Entre Alappuzha (near KSRTC)
3. Pallathuruty, Kotharathode Amenity Centre
4. Amenity Centre, Kayamkulam
5. Nedumudi Amenity Centre
6. Andhakaranazhy Beach Amenity Centre
7. Take a Break, Haripad
8. Take a Break, Cherthala

Toilet Blocks

1. Toilet Block Beach
2. Toilet Block Beach stave
3. Chakkulathukavu Toilet Block

Shops

1. Vijay Park Ice Cream Parlor
2. Sea view Park Snack Bar
3. Shop No.4 Beach
4. Shop No.9 Beach
5. Restaurant Beach
6. Shop No. 1
7. Shop No.7
8. Shop No. 8
9. Shop No. 10

Parks

1. Vijay Park
2. Sea View Park
3. Picnic Sport Chilla Art Café
4. Aqua Space Entertainment, Vijay Park
5. Pandanad River Side Kids World
6. Arthunkal Park
7. Raja Kesavadas Canal Side Park, Kallupalam.

സെക്ഷൻ ഓഫീസർ